# പാരമ്പര്യേതര ഊർജപദ്ധതികൾ ചുവടുറപ്പിക്കുന്നു

*എസ്.കെ. വ്യാസ്*

കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കണമെന്ന് ഇന്ത്യയിലെ പല കോണുകളിൽ നിന്നും ആവശ്യപ്പെടുന്നുണ്ട്. ഈയടുത്തകാലത്ത് ഇന്ത്യൻ വിൻഡ് ടർബൈൻ മാനുഫാക്ചേഴ്സ് അസോസിയേഷൻ ഇതു സംബന്ധിച്ച് ഉടനടി നയപ്രഖ്യാപനം വേണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്.

കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിൽ ഇന്ത്യക്ക് 4-ാം സ്ഥാനമാണിന്നുള്ളത്. അമേരിക്ക, ജർമ്മനി, ഡെൻമാർക്ക് തുടങ്ങിയവരാണ് ഇന്ത്യയേക്കാൾ ഇക്കാര്യത്തിൽ മുന്നിട്ടുനിൽക്കുന്നത്. കാറ്റിൽ നിന്നും ഇന്ത്യ ഇപ്പോൾ ഉല്പാദിപ്പിക്കുന്നത് 990 മെഗാവാട്ട് വൈദ്യുതി മാത്രമാണ്. 20,000 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാവശ്യമായ സാധ്യതകൾ ഇവിടെ നിലനിൽക്കുന്നുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന്റെ സംസ്ഥാനം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു. യഥാർത്ഥത്തിൽ ഉല്പാദിപ്പിക്കാവുന്ന ശേഷി ബ്രായ്ക്കറ്റിൽ കൊടുത്തിട്ടുണ്ട്. തമിഴ്നാട് 719 എം.ഡബ്ളിയു (900 എം.ഡബ്ളിയു), ഗുജറാത്ത് 167 എം.ഡബ്ളിയു (3100 എം.ഡബ്ളിയു), ആന്ധ്രപ്രദേശ് 58 എം.ഡബ്ളിയു (2200 എം.ഡബ്ളിയു), മധ്യപ്രദേശ് 19 എം.ഡബ്ളിയു (3000 എം.ഡബ്ളിയു), കർണ്ണാടക 18 എം.ഡബ്ളിയു (1920), മഹാരാഷ്ട്ര 8 എം.ഡബ്ളിയു (1920 എം.ഡബ്ളിയു.), ഒറീസ 8 എം.ഡബ്ളിയു (1920 എം.ഡബ്ളിയു), കേരളം 2 എം.ഡബ്ളിയു (380 എം.ഡബ്ളിയു). സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ സംസ്ഥാനങ്ങൾ വീഴ്ച വരുത്തിയെന്ന വസ്തുത ഈ കണക്കുകൾ തെളിയിക്കുന്നു.

വടക്ക് പടിഞ്ഞാറൻ സംസ്ഥാനമായ രാജസ്ഥാൻ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് വൈകിയാണെങ്കിലും ചില പദ്ധതികളുമായി രംഗത്തുവന്നിട്ടുണ്ട്. കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ സഹായത്തോടെ ജയ്സാൽമർ ജില്ലയിൽ ഒരു പൈലറ്റ് പദ്ധതി സ്ഥാപിക്കുവാനുള്ള നീക്കത്തിലാണ് രാജസ്ഥാൻ സ്റ്റേറ്റ് പവർ കോർപ്പറേഷൻ. പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (ഭെൽ) ജയ്സാൽമറിലെ അമർസാഗറിൽ 2 എം. ഡബ്ളിയു ശേഷിയുള്ള ഒരു പദ്ധതി തുടങ്ങുന്നുണ്ട്. 7.54 കോടി രൂപയാണ് ഈ പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്.

വൻകിട ജലവൈദ്യുതി പദ്ധതികൾക്കു പകരം ചെറുകിട ജലവൈദ്യുതി പദ്ധതികളുമായി മുന്നോട്ടുപോകാനാണ് ഹരിയാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ആറ് ചെറുകിട ജലവൈദ്യുതി പദ്ധതികൾക്കുവേണ്ട സ്ഥലം ഇതിനോടകം തന്നെ സർക്കാർ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. സ്വകാര്യമേഖലയിൽ തുടങ്ങുന്ന ഈ പദ്ധതികളുടെ മൊത്തം ഊർജ്ജ ഉല്പാദന ശേഷി 7025 കിലോവാട്ട് വരുമെന്ന് കണക്കാക്കിയിരിക്കുന്നു. അതുപോലെതന്നെ പഞ്ചാബിലെ അനന്ത്പൂർ സാഹിബ് ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജ നഗരമായി അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണ്. ഊർജ്ജോല്പാദനത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളും മറ്റും വേണ്ടത്രയില്ലാത്ത വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ ചെറുകിട ജലവൈദ്യുതി പദ്ധതികളും സൗരോർജ്ജ പദ്ധതികളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾക്ക് നൂറുശതമാനം ഗ്രാന്റ് അനുവദിക്കുന്നതിനെക്കുറിച്ച് കേന്ദ്രസർക്കാർ ഗൗരവമായി ആലോചിച്ചുവരികയാണ്.

പശ്ചിമബംഗാളിലെ ഗോത്രവർഗ്ഗ ജില്ലയായ പുരുളിയയിൽ സൗരോർജ്ജ വഴിവിളക്കുകളും, പമ്പുകളും സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. സൗരോർജ്ജം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പല പദ്ധതികളും കർണ്ണാടകയിൽ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. ഗ്രാമീണരുടെ ഊർജ്ജ ആവശ്യങ്ങൾക്കായി, പ്രത്യേകിച്ച് ജലസേചനത്തിനായി സൗരോർജ്ജം ഇവിടെ പ്രയോജനപ്പെടുത്തുന്നുണ്ട്.

തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ ഗുജറാത്തിൽ വീണ്ടും സജീവമായികൊണ്ടിരിക്കുന്നു. കച്ച് ഉൾക്കടൽ തിരമാല വൈദ്യുതി പദ്ധതി തുടങ്ങുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 900 എം.ഡബ്ളിയു. വൈദ്യുതി ഈ പദ്ധതിയിൽ നിന്നും കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യയിലെ സ്വകാര്യമേഖലയും പാരമ്പര്യ ഇതര ഊർജ്ജ പദ്ധതികളിൽ ശ്രദ്ധയൂന്നുന്നുണ്ട്. ഊർജ്ജ മേഖലയിൽ വമ്പൻമാരായ ടാറ്റയും റിലയൻസും ഇന്ത്യൻ നാഷണൽ തെർമൽ പവർ കോർപ്പറേഷനു (എൻ.ടി.പി.സി) മായി ഒത്തുചേർന്നുകൊണ്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി കാറ്റ് ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതി പദ്ധതികൾ തുടങ്ങുവാനുള്ള തയ്യാറെടുപ്പിലാണ്. 210 എം.ഡബ്ളിയു ശേഷിയുള്ളവയാണ് ഈ പദ്ധതികൾ.

(കടപ്പാട്: തേഡ് വേൾഡ് നെറ്റ്‌വർക്ക്)